# പശുവും പശിയും നിസ്സാമും

**ബാബു പാലത്തുംപാട്ട്**



**പശു**

ഗോ .........മാതാ സഹിക്കാൻ പ്രയാസം

**പശി**

ദാരിദ്ര്യ......... രേഖ സഹിക്കാൻ പ്രയാസം

**നിസ്സാം**

പണ............ ഹുങ്ക് സഹിക്കാൻ പ്രയാസം

പശുവിനെ മാതാവായി പൂജിക്കണമെന്നു നിർബ്ബന്ധം പിടിക്കുന്ന കുറേപ്പേർ.
അത്തരം ഏറെപ്പേരുടെ പെറ്റമ്മമാർ ആശരണാലയങ്ങളിൽ കിടപ്പുണ്ട് എന്നത് കേൾക്കുന്ന സത്യം .
ഒരു കുടുംബത്തിന്റെ നിത്യചിലവിന് ഒരു പശു മതിയായിരുന്ന കാലമുണ്ടായിരുന്നു.
ഇന്ന് ഒരു പശുവിന്റെ നിത്യചിലവിന് ഒരു കുടുംബം പോരാത്ത സാഹചര്യമാണ് .
ഇന്ന് പശു ജീവൻ പോകാൻ മതിയായ അവസ്ഥയായിരിക്കുന്നു
പശുവിനെ കൊന്നെന്നും തിന്നെന്നും പറഞ്ഞ് അടിക്കുകയും കൊല്ലുകയും ചെയ്യുന്നവർ തിന്നാനിഷ്ടമുള്ളവരുടെ തീറ്റ നിശ്ചയിക്കാൻ കുറേപ്പേർ.
ഇഷ്ടമുള്ളത് തിന്നുന്നത് ഓരോരുത്തരുടെയും സ്വാതന്ത്ര്യം എന്നും തിന്നാനോ അല്ലാതെ-യോ മനുഷ്യനെ കൊല്ലുന്നത് സ്വാതന്ത്ര്യം അല്ല എന്നും പശുവിനെ കൊല്ലുന്നവരെ കൊല്ലുമെന്നു പറയുന്നവർ മനസ്സിലാക്കാത്ത കാര്യങ്ങൾ .
പശുവിന്റെ പേരിൽ മനുഷ്യർ തമ്മിലടിച്ചു ചത്താൽ വോട്ടുകൾ കിട്ടും എന്ന് പ്രതീക്ഷിക്കുന്ന നേതാക്കൾ.
പശു ഗോ മാതാ എന്ന മുദ്രാവാക്യം ചെറിയ വ്യത്യാസത്തോടെയായാൽ :-

**പശു.......... ഗോ (Go) ....... , മാതാ........... കീ ..........ജെയ്**

*****************************

നിസ്സാം കാരുണ്യവാനും സഹായിയുമാണെന്ന് കുറേപ്പേർ.
ഇല്ലാത്ത കാര്യങ്ങൾ പെരുപ്പിച്ചു കാട്ടി മാധ്യമങ്ങളാണ് നിസ്സാമിനെ കൊടുംഭീകരനാക്കി ചിത്രീകരിക്കുന്നതെന്ന്. ......
നിസ്സാം ജയിലിൽ തുടർന്നാൽ ഇയാളുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് ജീവനക്കാരും അവരുടെ കുടുംബങ്ങളും അനാഥരാവുമെന്ന് .....
കാരുണ്യവാനും പരോപകാരിയും സർവ്വോപരി പൊതുജന സമ്മതനും ആയ നിസ്സാമിനു വേണ്ടി ഒന്നും ചെയ്തിട്ടില്ലെന്നും അതിനാൽ ഈ അവസരത്തിൽ ജാതിമതഭേദമന്യേ ഒറ്റക്കെട്ടായി നിന്ന് നിഷാമിന്റെ മോചനത്തിനായി പ്രവർത്തിക്കണമെന്നും ആഹ്വാനം ചെയ്തു കൊണ്ട് നോട്ടീസ് ........
ഇതിന്റെ ഭാഗമായി നിഷാമിന്റെ ജന്മനാടായ അന്തിക്കാടിന് സമീപം മുറ്റിച്ചൂർ സെന്റർ മൻഹൽ പാലസിൽ വ്യാഴാഴ്ച്ച ഉച്ചയ്ക്ക് പൊതുയോഗം (ചേർന്നു )......
പുറത്ത് നിന്ന് സമ്മർദ്ദമുണ്ടായാൽ നിഷാമിന് പരോൾ അനുവദിക്കാൻ നോക്കാമെന്ന് ഒരു പ്രമുഖ രാഷ്ട്രീയകക്ഷി നിഷാമിന്റെ കുടുംബത്തിന് ഉറപ്പ് കൊടുത്തു വെന്നാണ് സൂചന എന്ന് പത്രവാർത്തകൾ .......
അതുകൊണ്ട് ,

“തന്റെ <u>കീഴിൽ</u>” **( കീഴിൽ എന്ന വാക്കിന് അടിവര)** ജോലി ചെയ്യുന്ന കുടുംബങ്ങൾ അനാഥമാകാതിരിക്കാൻ .....

ഗേറ്റ് തുറക്കാൻ താമസിച്ചതിന് ചന്ദ്രബോസ് എന്ന സെക്യൂരിറ്റിയെ വണ്ടിയിടിച്ചും മർദ്ദിച്ചും ക്രൂരമായി കൊലപ്പെടുത്തിയ കാരുണ്യവാനായ നിസ്സാമിന്റെ ....
എട്ടു വയസ്സുകാരനായ മകനെ ഒറ്റയ്ക്ക് സ്വന്തം ഫെരാരി drive ചെയ്യാൻ അനുവദിച്ച സ്നേഹനിധി യായ അച്ഛൻ നിസ്സാമിന്റെ ..........
ആ വീഡിയോ യൂ ട്യൂബിൽ അപ് ലോഡ് ചെയ്ത അഭിമാനിയായ നിസ്സാമിന്റെ ......
സർക്കാർ ഉദ്യോഗസ്ഥയെ മണിക്കൂറുകളോളം വണ്ടിയിൽ പൂട്ടിയിട്ട ദയാനിധിയായ നിസ്സാമിന്റെ ..........
പണവും സ്വാധീനവും ഉപയോഗിച്ച് എന്തും ചെയ്യാം എന്ന് വിശ്വസിച്ച പാവം നിസ്സാമിന്റെ ......
അവസാനം വിധി ദോഷത്താൽ 27 വർഷം തടവിനു ശിക്ഷിക്കപ്പെട്ടു ജയിലിൽ കഴിയുന്ന ഹതഭാഗ്യനായ നിസ്സാമിന്റെ ........
....................
....................
മോചനത്തിനും രക്ഷയ്ക്കും വേണ്ടി ............
യോഗം ചേരാൻ വരുന്ന..............
നാറികളെ അന്തിക്കാട്ടുകാർ...........
അടിച്ചോടിക്കണം !!!!!!!!!!

**ഇല്ലെങ്കിൽ നിങ്ങൾക്ക് നാണക്കേടാണ്**

*******************

ബി.പി.എൽ , അതായത് “ബിലോ പുവർറ്റി ലൈൻ”.
ദാരിദ്ര്യരേഖ (Poor TEA Line).........
ഇന്ത്യൻ ഭരണാധികാരികൾ പശുവിനെ വിശുദ്ധായായി പ്രഖ്യാപിക്കാൻ ആഗ്രഹിക്കും മുൻപ് “പശി “ വിശുദ്ധാമായി കരുതി ഉണ്ടാക്കിയ ലക്ഷ്മണ രേഖ.
ഇപ്പോൾ ഉള്ള വോട്ടുകൾ കുറയാതിരിക്കാനും കൂടുതൽ കിട്ടാനും വേണ്ടി............
“poverty Line“ ന് താഴെയുള്ളവർ മുകളിലേക്കും മുകളിലുള്ളവർ താഴേക്കും കടന്നു ലക്ഷ്മണരേഖ ഭേദിക്കാൻ ഇടവരാതിരിക്കാൻ ..............
പശുവിനെയും പശിയേയും നിസ്സാമിനെയും യാതൊരു കേടും കൂടാതെ സംരക്ഷിക്കാൻ രാഷ്ട്രീയ നേതാക്കൾ ശ്രമിക്കുന്നു.

**പൊതുജനം കഴുത ആയിരുന്ന കാലം കഴിഞ്ഞു എന്ന് അവർ മറക്കുന്നു**

*******************